I/31712/2023

"ഭരണഭാഷ- മാതൃഭാഷ"

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
മ്യൂസിയം - നന്ദാവനം റോഡ്, നന്ദാവനം, വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം - 695 033
ഫോൺ : 0471 2737256, 2737263 Email-scddirectorate@gmail.com

No:SCDD/2921/2023-T2(TECH) തീയതി:15-06-2023

## നോട്ടിഫിക്കേഷൻ

പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിൽ തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം, മര്യാപുരം, അഞ്ചാമട, ശിങ്കാരത്തോപ്പ്, കടകംപള്ളി, പേരുമല, ആറ്റിപ്ര, ഇടയ്ക്കോട്, വർക്കല കൊല്ലം ജില്ലയിലെ ഓച്ചിറ, കുളക്കട, വെട്ടിക്കവല പത്തനംതിട്ട ജില്ലയിലെ ഐക്കാട്, പന്തളം ആലപ്പുഴ ജില്ലയിലെ മാവേലിക്കര, ഹരിപ്പാട്, കോട്ടയം ജില്ലയിലെ നെടുങ്കാവ് വയൽ, എസ്.പി കോളനി, മാടപ്പള്ളി, മധുരവേലി, എറണാകുളം ജില്ലയിലെ ഇടപ്പള്ളി, തൃശ്ശൂർ ജില്ലയിലെ മായന്നൂർ, എങ്കക്കാട്, പുല്ലറ്റ്, എടത്തിരുത്തി, നടത്തറ, വി.ആർ.പുരം, ഹെർബർട്ട് നഗർ, എരുമപ്പെട്ടി, വരവൂർ, പാലക്കാട് ജില്ലയിലെ പാലപ്പുറം, മംഗലം, ചിറ്റൂർ, മലപ്പുറം ജില്ലയിലെ കേരളാധീശ്വരപുരം, പാതായ്ക്കര, പൊന്നാനി, പാണ്ടിക്കാട്, കോഴിക്കോട് ജില്ലയിലെ കുറവങ്ങാട്, ഏലത്തൂർ, തൂണേരി, കണ്ണൂർ ജില്ലയിലെ മാടായി, കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ, നീലേശ്വരം, ബേള എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ കളിൽ എൻ.സി.വി.റ്റി പാഠ്യപദ്ധതിയനുസരിച്ചുള്ള പരിശീലനം നൽകുന്ന വിവിധ മെട്രിക്/നോൺമെട്രിക് ട്രേഡുകളിൽ 2023-24 അധ്യയന വർഷത്തിൽ ആരംഭിക്കുന്ന കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു. ആകെ സീറ്റുകളുടെ 80% പട്ടികജാതി, 10% പട്ടികവർഗ്ഗം 10% മറ്റു വിഭാഗം അപേക്ഷകർക്കുമായി സംവരണം ചെയ്തിരിക്കുന്നു. ഏതെങ്കിലും വിഭാഗത്തിന് മതിയായ അപേക്ഷകൾ ലഭ്യമല്ലെങ്കിൽ പ്രസ്തുത ഒഴിവ് പട്ടികജാതി, പട്ടികവർഗ്ഗം എന്ന ക്രമത്തിൽ നിബന്ധനകൾക്ക് വിധേയമായി നികത്തുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിന് ഡ്രൈവർ കം മെക്കാനിക് കോഴ്സിന് 18 വയസ്സും, മറ്റു കോഴ്സുകൾക്ക് 14 വയസ്സും തികഞ്ഞിരിക്കേണ്ടതാണ്. പരിശീലനാർത്ഥിയുടെ പ്രായം, യോഗ്യത, കോഴ്സിന്റെ കാലാവധി, സീറ്റുകളുടെ എണ്ണം എന്നിവ Director General of Training Government of India യുടെ നിർദ്ദേശത്തിന് വിധേയമായി മാറ്റം വരാവുന്നതാണ്.

www.scdd.kerala.gov.in എന്ന വെബ് സൈറ്റിലുള്ള ITI ADMISSION 2023 ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ 44 ഐ.റ്റി.ഐ കളിലും 26-06-23 മുതൽ അപേക്ഷ സ്വീകരിച്ചു തുടങ്ങുന്നതാണ്. ലിങ്കിൽ ലഭ്യമാകുന്ന യൂസർ മാന്വവൽ പരിശോധിച്ച് ആയത് പ്രകാരം അപേക്ഷിക്കണം. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 27-07-23

(ഒപ്പ്)
ഡയറക്ടർ
പട്ടികജാതി വികസന വകുപ്പ്